പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1479 02.07.2015-ൽ മറുപടിക്ക്.

## കുന്നംകുളം നഗരസഭയുടെ പുതിയ ബസ്സ് സ്റ്റാന്റ്

| ചോദ്യം<br>ശ്രീ. ബാബു.എം. പാലിശ്ശേരി | മറുപടി<br>ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
|---|---|
| (എ) കുന്നംകുളം നഗരസഭയുടെ പുതിയ ബസ്സ് സ്റ്റാന്റ് നിർമ്മാണം പി.പി.പി. മോഡലിൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; | (എ) പാർട്ണർ കേരള മിഷനും കുന്നംകുളം നഗരസഭയും സംയുക്തമായി ഗവൺമെന്റ് ഉത്തരവു പ്രകാരം 24.03.2015-ൽ കരാറുടമ്പടി ഒപ്പുവച്ചിട്ടുള്ളതും കുന്നംകുളം മുനിസിപ്പൽ കൗൺസിൽ ഉടമ്പടി അംഗീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) ഉണ്ടെങ്കിൽ എഗ്രിമെന്റ് പ്രകാരമുള്ള വ്യവസ്ഥകൾ വ്യക്തമാക്കാമോ; | (ബി) പാർട്ണർ കേരള ചീഫ് എക്സിക്യൂട്ടീവ് ആഫീസറും കുന്നംകുളം നഗരസഭാ ചെയർമാൻ സെക്രട്ടറി തുടങ്ങിയവരും ചേർന്ന് 24.3.2015 ന് കുന്നംകുളം നഗര സഭയിലെ ബസ്സ് സ്റ്റാന്റ് നിർമ്മാണത്തിന് സർവ്വീസ് എഗ്രിമെന്റ് വയ്ക്കുകയുണ്ടായി. എഗ്രിമെന്റ് വച്ച് 10 ദിവസത്തിനുള്ളിൽ ആറു പേരടങ്ങുന്ന ഒരു കോർ കമ്മിറ്റി രൂപീകരിക്കുകയും നഗരസഭ സമർപ്പിക്കുന്ന പദ്ധതിയുടെ നടത്തിപ്പിനു വേണ്ടിയുള്ള സ്ഥലത്തിന്റെ അധികാര പത്രം സർവ്വെ നമ്പറും പ്ലാൻ എന്നിവ പാർട്ണർ കേരള മിഷനോ Transaction Advisor ആയ KITCO യ്ക്കോ എഗ്രിമെന്റ് വച്ചതിനു ശേഷം നൽകേണ്ടതാണ്. പദ്ധതി |

യുടെ ദൈനംദിന പുരോഗതി നഗരസഭ വീക്ഷിക്കേണ്ടതാണ്. പദ്ധതിയുടെ പരസ്യ നികുതി, ഇൻവെസ്റ്റേഴ്സ് മീറ്റ് ചാർജ്, റോഡ്ഷോ ചാർജ്, എസ്റ്റാബ്ലിഷ് മെന്റ് ചാർജ്, സർവ്വീസ് ചാർജ്, തുടങ്ങിയവയാണ് നഗരസഭയുടെ പദ്ധതി നിർവ്വഹണ ചെലവായി കണക്കാക്കുന്നത് എന്നിവ എഗ്രി മെന്റിലെ വ്യവസ്ഥകളിൽ ഉൾപ്പെടുന്നു.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തിക്ക് എത്ര കോടി രൂപ ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | KITCO തയ്യാറാക്കിയ പ്രസ്തുത പ്രോജക്ടിന്റെ അടങ്കൽ തുക 52 **കോടി** രൂപയാണ്. |
| (ഡി) | പ്രസ്തുത പ്രവൃത്തി സംബന്ധിച്ച നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ; | (ഡി) | പ്രീക്വാളിഫിക്കേഷൻ ടെണ്ടർ പാർട്ണർ കേരള മിഷൻ വിളിച്ചിട്ടുണ്ട്. |
| (ഇ) | നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ബസ്സ് സ്റ്റാന്റ് നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ഇ) | പ്രീക്വാളിഫിക്കേഷൻ ടെണ്ടർ നടപടികൾ മാത്രമേ ആരംഭിച്ചിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ